ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.06.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യയിൽ സംഘർഷം വ്യാപിക്കുന്നു. ഇസ്രയേൽ ആക്രമണങ്ങൾക്ക് പിന്നാലെ തിരിച്ചടിച്ച് ഇറാൻ. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഫോണിൽ സംസാരിച്ചു.

   **Tensions are escalating in the Middle East. Iran retaliates after Israeli attacks. Israeli Prime Minister Benjamin Netanyahu spoke to Prime Minister Narendra Modi on the telephone.**

2. അഹമ്മദാബാദ് വിമാനാപകടം സംബന്ധിച്ച് അന്വേഷണം പുരോഗമിക്കുന്നു. ബ്ലാക്ക് ബോക്സ് കണ്ടെടുത്തു. ബോയിംഗ് ഡ്രീംലൈനർ വിമാനങ്ങളിൽ സുരക്ഷാ പരിശോധന കർശനമാക്കാൻ എയർ ഇന്ത്യയ്ക്ക് DGCA നിർദ്ദേശം.

   **Investigation into the Ahmedabad plane crash started. Black box recovered. DGCA directs Air India to tighten safety checks on Boeing Dreamliner aircrafts.**

3. കേരളത്തിൽ കാലവർഷം കനക്കുന്നു. ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച കണ്ണൂരും, കാസർഗോഡും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. തീരദേശ, മലയോര മേഖലകളിൽ ജാഗ്രതാ നിർദ്ദേശം.

   **Monsoon is in full swing in Kerala. Educational institutions will remain closed today in Red alert declared Kannur and Kasaragod districts. Alert issued in coastal and hilly areas.**

4. നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് നാലുദിവസം ശേഷിക്കെ പ്രചാരണം ശക്തമാക്കി മുന്നണികൾ. എൽ.ഡി.എഫ്/ യു.ഡി.എഫ്./ എൻ.ഡി.എ സ്ഥാനാർഥികൾക്കായി പ്രമുഖ നേതാക്കൾ രംഗത്ത്.

**With four days left for the by-election in Nilambur, the fronts have intensified their campaign. Prominent leaders are in Nilmbur for the campaign of LDF/ UDF/ NDA Candidates.**

5. ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് മുൻതൂക്കം. അർദ്ധ സെഞ്ച്വറിയുമായി ക്യാപ്റ്റൻ ബാവുമയും സെഞ്ചുറിയുമായി മാക്രവും ക്രീസിൽ.

**South Africa taking on Australia in the World Test Cricket Championship final. Captain Bavuma with a half-century and Macrame with a century at the crease.**

**&&&&&&&&&&&&&&&&**

## HEADLINE 1

## IRAN-ISRAEL ATTACK - INTRO

ഇസ്രയേൽ ആക്രമണങ്ങൾക്ക് പിന്നാലെ തിരിച്ചടിച്ച് ഇറാൻ. ഓപ്പറേഷൻ സിവിയർ പണിഷ്മെൻറ് എന്ന് പേരിട്ടിരിക്കുന്ന ആക്രമണത്തിൽ ഇസ്രയേലി നഗരങ്ങളിലേക്ക് നൂറോളം മിസൈലുകളും ഡ്രോണുകളുമാണ് ഇറാൻ തൊടുത്തുവിട്ടത്. ടെൽ അവീവിലും ജെറുസലേമിലും നിരവധി പേരെയാണ് ഷെൽട്ടറുകളിലേക്ക് മാറ്റിയത്. അതിനിടെ, പശ്ചിമേഷ്യയിലെ സാഹചര്യം ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ധരിപ്പിച്ചു. ഫോണിലിലൂടെയാണ് ഇരുവരും ആശയവിനിമയം നടത്തിയത്. ഇന്ത്യയുടെ ആശങ്കകൾ പങ്കുവെക്കുന്നതായും മേഖലയിൽ സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കേണ്ടതി

ന്റെ ആവശ്യകത ഊന്നിപ്പറഞ്ഞതായും പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

**വിശദാംശങ്ങളിലേക്ക്.**
**(ഹോൾഡ് വോയ്സ്...........)**

## IRAN-ISRAEL ATTACK- VOICE

1980-ലെ ഇറാഖ് യുദ്ധത്തിന് ശേഷം ഇറാനു നേരെയുണ്ടാകുന്ന ഏറ്റവും വലിയ സൈനിക ആക്രമണമാണ് കഴിഞ്ഞ ദിവസം ഇസ്രയേൽ നടത്തിയത്. ആണവ കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് നടത്തിയ ആക്രമണത്തിൽ ഉന്നത സൈനിക കമാൻഡർമാരടക്കം കൊല്ലപ്പെട്ടിരുന്നു. ഇസ്രയേൽ ആക്രമണങ്ങൾക്കു മണിക്കൂറുകൾക്ക് ശേഷമാണ് ഇറാൻറെ പ്രത്യാക്രമണം. ഇറാൻ ആണവായുധങ്ങൾ വികസിപ്പിക്കുന്നത് തടയുന്നതിനുള്ള മുൻകരുതൽ നടപടിയായി വിശേഷിപ്പിച്ചായിരുന്നു ഇസ്രായേൽ ആക്രമണം. ഇസ്രായേലി യുദ്ധവിമാനങ്ങൾ ഇറാൻറെ ഭൂഗർഭ ആണവ കേന്ദ്രമായ നതാൻസിൽ ആക്രമണം നടത്തുകയും സായുധ സേനാ വിഭാഗമായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിൻറെ തലവനെയും മറ്റ് മുതിർന്ന സൈനിക നേതാക്കളെയും വധിക്കുകയും ചെയ്തിരുന്നു. അതേസമയം ഇറാൻറെ പ്രത്യാക്രമണത്തെ തുടർന്ന് ഇസ്രേയേലിലെ ബെൻ ഗുരിയോൺ വിമാനത്താവളം അടച്ചുപൂട്ടി. ഇസ്രയേൽ കനത്ത ജാഗ്രതയിലാണ്. അതേസമയം ജനവാസ മേഖല ലക്ഷ്യമിട്ട് നടത്തിയ പ്രത്യാക്രമണങ്ങളിൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇസ്രയേൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി

**&&&&&&&&&&&&&&&&**

## IRAN TRUMP

അതിനിടെ, ഇറാൻ ആണവ നിർവ്യാപന കരാറിൽ ഒപ്പിട്ടില്ലെങ്കിൽ രൂക്ഷമായ ആക്രമണം നേരിടേണ്ടി വരുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. ആണവ പദ്ധതിയിൽ നിന്ന് ഇറാൻ പിൻവാങ്ങണമെന്നത് ഏറെക്കാലമായുള്ള ആവശ്യമാണ്. എത്രയും വേഗം കരാറിൽ ഒപ്പിടാൻ ഇറാൻ തയ്യാറാകണമെന്ന് അമേരിക്കൻ പ്രസിഡൻറ് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

## HEADLINE 2

## INVESTIGATION - PLANE CRASH

അഹമ്മദാബാദ് വിമാനാപകടം സംബന്ധിച്ച് വിശദമായ അന്വേഷണം പുരോഗമിക്കുന്നു. ഫോറൻസിക് വിദഗ്ധർ സ്ഥലം സന്ദർശിച്ചു, ഫോറൻസിക്, സാങ്കേതിക പരിശോധനകൾ പുരോഗമിക്കുന്നു. ഒരു ബ്ലാക്ക് ബോക്സ് കണ്ടെടുത്തതായി പോലീസ് വൃത്തങ്ങൾ അറിയിച്ചു..ഒരു ഡിജിറ്റൽ വോയ്സ് റെക്കോർഡർ നേരത്തെ കണ്ടെടുത്തിരുന്നു. അതിനിടെ മരിച്ചവരുടെ ബന്ധുക്കളുടെ 200 ലധികം ഡിഎൻഎ സാമ്പിളുകൾ എടുത്ത് പരിശോധനയ്ക്കായി അയച്ചു. എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കി, നാളെ വൈകുന്നേരത്തോടെ എല്ലാവരുടെയും മൃതദേഹങ്ങൾ കൈമാറാനാണ് തീരുമാനം. ഏഴിലധികം മൃതദേഹങ്ങൾ ഇതിനോടകം ബന്ധുക്കൾക്ക് കൈമാറി.

&&&&&&&&&&&&&&&&

## HEADLINE 2 A

## DGCA

അഹമ്മദാബാദിലെ വിമാനാപകടത്തെത്തുടർന്ന് ബോയിംഗ് ഡ്രീംലൈനർ വിമാനങ്ങളിൽ കൂടുതൽ സുരക്ഷാ

പരിശോധനകൾ നടത്താൻ സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ എയർ ഇന്ത്യയോട് നിർദ്ദേശിച്ചു. ബന്ധപ്പെട്ട പ്രാദേശിക ഓഫീസുകളുമായി ഏകോപിപ്പിച്ച് ഉടൻ പരിശോധന പൂർത്തിയാക്കണമെന്ന് ഡിജിസിഎ ആവശ്യപ്പെട്ടു. ഇന്ധന മാനദണ്ഡ നിരീക്ഷണം, ഇലക്ട്രോണിക് എഞ്ചിൻ നിയന്ത്രണ പരിശോധന, എഞ്ചിൻ ഇന്ധന ചാലക പരിശോധന, ടേക്ക് ഓഫ് മാനദണ്ഡങ്ങളുടെ അവലോകനം എന്നിവ വിമാനം പുറപ്പെടുന്നതിന് മുമ്പ് പരിശോധിച്ചുറപ്പാക്കണം.

ബോയിംഗ് ഡ്രീംലൈനർ വിമാനങ്ങളിലെ തകരാറുകൾ അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പവർ അഷ്വറൻസ് പരിശോധനകൾ നടത്താനും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനും ഡിജിസിഎ നിർദ്ദേശം നൽകി. പരിശോധനകളുടെ റിപ്പോർട്ട് ഡിജിസിഎയ്ക്ക് സമർപ്പിക്കണം.

&&&&&&&&&&&&&&&&

## PURI-INDIA ENERGY

രാജ്യത്ത് ഒരുതരത്തിലുള്ള ഊർജ്ജ പ്രതിസന്ധിയുമില്ലെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രി ഹർദീപ് പുരി. പെട്രോളിയം സെക്രട്ടറിയുമായും ഊർജ്ജ പൊതുമേഖലാ സ്ഥാപന മേധാവിമാരുമായും നടത്തിയ അവലോകന യോഗത്തിന് ശേഷം സാമൂഹ്യമാധ്യമത്തിലൂടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇറാനെതിരായ ഇസ്രായേൽ ആക്രമണത്തെത്തുടർന്ന് അന്താരാഷ്ട്ര എണ്ണവില കുത്തനെ ഉയർന്ന സാഹചര്യത്തിലാണ് മന്ത്രിയുടെ വിശദീകരണം.

&&&&&&&&&&&&&&&&

## JAISHANKAR- FRENCH FOREIGN MINISTER

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ ഫ്രഞ്ച് വിദേശകാര്യ മന്ത്രി ജീൻ-നോയൽ ബാരറ്റുമായി ചർച്ച നടത്തി. ഭീകരതയെ ശക്തമായി അപലപിക്കുകയും, സ്വയം പ്രതിരോധിക്കാനുള്ള

ഇന്ത്യയുടെ അവകാശത്തെ അംഗീകരിക്കുകയും ചെയ്ത ഫ്രാൻസിന്റെ നിലപാടിനെ മാർസെയിൽ നടന്ന കൂടിക്കാഴ്ചയിൽ ശ്രീ ജയ്ശങ്കർ അഭിനന്ദിച്ചു. വ്യാപാരം, പ്രതിരോധം, പരിസ്ഥി സൗഹൃദ ഊർജ്ജം, ഇന്ത്യ -മധ്യേഷ്യ -യൂറോപ്പ് സാമ്പത്തിക ഇടനാഴി, സംസ്കാരം, ഇരു രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയുൾപ്പെടെയുള്ള ഉഭയകക്ഷി സഹകരണത്തെക്കുറിച്ച് ഇരു മന്ത്രിമാരും വിശദമായ ചർച്ചകൾ നടത്തി. സാങ്കേതികവിദ്യ, നിർമ്മിത ബുദ്ധി, സൈബർസുരക്ഷ, ബഹിരാകാശ മേഖലകളിലെ അവസരങ്ങൾ എന്നിവയും ചർച്ചയായി.

&&&&&&&&&&&&&&&&

## NOMADIC ELEPHANT

ഇന്ത്യ-മംഗോളിയ സംയുക്ത സൈനികാഭ്യാസമായ NOMADIC ELEPHANT ന്റെ 17-ാമത് പതിപ്പ് മംഗോളിയയിലെ ഉലൻബത്താറിൽ സമാപിച്ചു. സമാപന ചടങ്ങിൽ സംസാരിച്ച പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗ്, ഇന്ത്യൻ സൈനികരുടെ പ്രകടനത്തേയും സമർപ്പണ മനോഭാവത്തെയും അഭിനന്ദിച്ചു. ഇന്ത്യയും മംഗോളിയയും തമ്മിലുള്ള സൗഹൃദത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും സാംസ്കാരിക ബന്ധങ്ങളുടെയും സാക്ഷ്യമാണ് ഈ അഭ്യാസമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## AYUSH-YOGA

11-ാമത് അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി ഭൂമിക്കായി ഏക ആരോഗ്യത്തിനായി എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള ആഗോള ഉച്ചകോടി ഇന്ന്

ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര ആയുഷ് മന്ത്രാലയമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.1,000 പേർ നേരിട്ടും നിരവധി പേർ വെർച്വലായും പരിപാടിയിൽ പങ്കെടുക്കും. ബഹ്റൈൻ, അമേരിക്ക, യു.കെ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ വിദഗ്ദ്ധരും സംബന്ധിക്കും. കഴിഞ്ഞ ദശാബ്ദത്തിൽ യോഗയുടെ സ്വാധീനം എന്ന പഠന റിപ്പോർട്ടും ഉച്ചകോടിയിൽ പുറത്തിറക്കും.

&&&&&&&&&&&&&&&&

## YOGA DAY CBC

അന്താരാഷ്ട്ര യോഗ ദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ കമ്മ്യൂണിക്കേഷൻ തിങ്കളാഴ്ച തിരുവനന്തപുരത്ത് സംയോജിത ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കും. നെട്ടയം ശാരദ കോളേജ് ഓഫ് നഴ്സിങ്ങിൽ നടക്കുന്ന പരിപാടിയിൽ യോഗ അവതരണം, ക്ലാസ്, കലാപരിപാടികൾ എന്നിവ നടക്കും. സിബിസി അഡീഷണൽ ഡയറക്ടർ ജനറൽ വി പളനിച്ചാമി അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&

## CBDT- TAX EVASION

ക്രിപ്റ്റോ കറൻസിയിൽ നിക്ഷേപിച്ച് നികുതി വെട്ടിപ്പ് നടത്തുന്നതും കണക്കിൽപ്പെടാത്ത വരുമാനം സംബന്ധിച്ചും അന്വേഷണം നടത്തുമെന്ന് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ്. വെർച്വൽ ഡിജിറ്റൽ അസറ്റ് ഇടപാടുകളിൽ ഏർപ്പെട്ടിരിക്കുന്നതും ആദായനികുതി നിയമം പാലിക്കാത്തതുമായ സ്ഥാപനങ്ങളെയും വ്യക്തികളെയും കണ്ടെത്തുന്നതിനാണ് പരിശോധന. ക്രിപ്റ്റോ എക്സ്ചേഞ്ചുകൾ എന്നറിയപ്പെടുന്ന വെർച്വൽ അസറ്റ്

സർവീസ് പ്രൊവൈഡർമാർ ഫയൽ ചെയ്ത TDS റിട്ടേണുകൾ ഉപയോഗിച്ച് നികുതിദായകർ ഫയൽ ചെയ്യുന്ന ITR- ൾ പരിശോധിക്കുന്നുണ്ടെന്നും ബോർഡ് വ്യക്തമാക്കി.

&&&&&&&&&&&&&&&&

## HEADLINE 3

## RAIN KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ അതി തീവ്ര മഴയക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ചക്രവാതച്ചുഴിയുടെയും പടിഞ്ഞാറൻക്കാറ്റിൻറെയും സ്വാധീനത്താൽ ഇന്ന് മുതൽ മറ്റെന്നാൾ വരെ അതിതീവ്രമഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോര- കടൽതീര മേഖലയിലേക്കുള്ള വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്. കൊച്ചി - ധനുഷ്ക്കോടി ദേശീയ പാതയുടെ ഭാഗമായ മൂന്നാർ ഗ്യാപ് റോഡ് വഴിയുള്ള രാത്രികാല റോഡ് ഗതാഗതം ഈ മാസം 17 വരെ നിരോധിച്ചു.

&&&&&&&&&&&&&&&&

## KANNUR- INTRO

ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച കണ്ണൂരും, കാസർഗോഡും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്നും നാളെയും അവധി പ്രഖ്യാപിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(വോയിസ്)

&&&&&&&&&&&&&&&&

## HEADLINE 4

## NILAMBUR ELECTION

നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് നാലുദിവസം ശേഷിക്കെ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിൻറെ പ്രചാരണത്തിനായി മുഖ്യമന്ത്രിയും CPIM മുതിർന്ന നേതാവുമായ പിണറായി വിജയൻ രണ്ട് ദിവസം നിലമ്പൂരിലുണ്ടാകും. കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പ്രചാരണത്തിനായി മുതിർന്ന നേതാവും എം പിയുമായ പ്രിയങ്ക ഗാന്ധി മണ്ഡലത്തിലെത്തി. എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജിനായി സംസ്ഥാന നേതാക്കൾ അടക്കം മണ്ഡലത്തിലുണ്ട്. സ്വതന്ത്ര സ്ഥാനാർത്ഥി പി വി അൻവറും പ്രചാരണം ശക്തമാക്കിയിട്ടുണ്ട്. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന്.

&&&&&&&&&&&&&&&&

## SABARIMALA

മിഥുനമാസ പൂജകൾക്കായി ശബരിമല നട ഇന്നു തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രിമാരായ കണ്ഠര് രാജീവര്, കണ്ഠര് ബ്രഹ്മദത്തൻ എന്നിവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്നു ദീപം തെളിയിക്കും. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല.

&&&&&&&&&&&&&&&&

## HEADLINE 5

## CRICKET

ലോർഡ്സിൽ നടക്കുന്ന, ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് മുൻതൂക്കം. മൂന്നാം ദിവസമായ ഇന്നലെ ഓസീസിന്റെ രണ്ടാം ഇന്നിംഗ്സ് 207 റൺസിന് അവസാനിച്ചു. 282 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ദക്ഷിണാഫ്രിക്ക 2 വിക്കറ്റിന് 213 റൺസ് എന്ന നിലയിലാണ്. അർദ്ധ സെഞ്ച്വറിയുമായി ക്യാപ്റ്റൻ ബാവുമയും സെഞ്ചുറിയുമായി ഏഡൻ മാക്രവും ക്രീസിലുണ്ട്.

&&&&&&&&&&&&&&&&
&&&&&&&&&
&&&